LIBRARY ARCHIVES Kerala Legislative Assembly

## ബഡ്ജറ്റിലെ പദ്ധതികൾ

79 (1904) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിലെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; പൂർത്തീകരിച്ച പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച എത്ര പണികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയെത്രയെന്നും ഇത് മൊത്തം അടങ്കലിന്റെ എത്ര ശതമാനമെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 31-3-2015-ലെ താൽക്കാലിക കണക്ക് പ്രകാരം 2014-15 ബഡ്ജറ്റിലെ 874 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികൾക്കായി 13991.19 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ 70% ആണ്.

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച 209 പദ്ധതികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്കായി 2426.67 കോടി രൂപ നീക്കിവച്ചിട്ടുള്ളത് അടങ്കലിന്റെ 12% ആണ്.

## കടബാദ്ധ്യത

80 (1905) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കടബാദ്ധ്യത വർഷംതോറും വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നടപ്പ് വർഷം നികുതിയിനത്തിൽ എത്ര രൂപ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ട് ; പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം വരും ; വിശദാംശം വ്യക്തമാക്കുമോ ?